# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2011 ഒക്ടോബർ 03, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

17 (*151) വ്യാജ പരസ്യങ്ങൾക്കെതിരെ നടപടി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, വ്യാജ പരസ്യങ്ങൾ നൽകി ഉപഭോക്താക്കളെ വഞ്ചിക്കുന്ന കമ്പനികൾ/സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് നേരിട്ട് സംസ്ഥാന ഉപഭോക്തൃ കമ്മീഷനിലോ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലോ പരാതി നൽകാവുന്നതാണെന്നും ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ/ഫോറങ്ങൾക്ക് സിവിലും ക്രിമിനലും നടപടി ചട്ടപ്രകാരമുള്ള വിധി നടപ്പാക്കുന്നതിന് അധികാരമുണ്ടെന്നും സഭയെ അറിയിച്ചു. ഈ വിഷയം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കഴമ്പുള്ളവയുണ്ടെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നുണ്ട്. കൂടാതെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 420 വകുപ്പ് അനുസരിച്ചും Section 3 of the Price chits and money circulation (Banning) Act 1978 and 2(1)(C)r/w 7

of Drugs and Magic remedies (objectionable advertisement) Act 1954 പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്. ചില പ്രത്യേക ഗുണങ്ങൾ ഉണ്ടെന്നുള്ള വ്യാജപരസ്യം ചെയ്ത് വിറ്റഴിക്കുന്ന സാധനങ്ങളുടെ പരസ്യത്തിൽപ്പറയുന്ന ഗുണനിലവാരം പരിശോധിക്കുന്ന തിനോ കണ്ടുപിടിക്കുന്നതിനോ ഉള്ള സംവിധാനങ്ങൾ ഒരു സംസ്ഥാനത്തും നിലവിലില്ല. വികിരണ രശ്മികളിലൂടെ രോഗശാന്തി അവകാശപ്പെട്ട് ഒരു കമ്പനി വിതരണം ചെയ്ത ഉല്പന്നങ്ങൾ തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുഖാന്തിരം ഫോറൻസിക് സയൻസ് ലാബോറട്ടറിയി ലേക്ക് അയച്ചത്, പരിശോധിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ മടക്കി അയച്ചിട്ടുണ്ട്. വ്യാജപരസ്യങ്ങളിൽ വഞ്ചിതരാകാതിരിക്കാൻ ഉപഭോക്തൃ ബോധവത്കരണ/പ്രചരണ പരിപാടികൾ നടത്തി വരുന്നുണ്ടെന്നും ഇതിനായി 28 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവച്ചി ട്ടുണ്ടെന്നും നിലവിലുള്ള നിയമം കൂടുതൽ ഫലപ്രദമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഭക്ഷ്യവസ്തുക്കളിലെ മായംചേർക്കൽ തടയു ന്നതിനും ഔഷധ ഗുണനിലവാരം പരിശോധിക്കുന്നതിനുമുള്ള സംവിധാ നങ്ങൾ ശക്തിപ്പെടുത്തുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. കൊല്ലം ജില്ലാ ഉപഭോക്തൃ ഫോറത്തിലെ പ്രസിഡന്റിനെ നിയമിച്ചുകഴിഞ്ഞതായും മറ്റ് ഫോറങ്ങളിലെ വനിതാംഗങ്ങളുടെ ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരി ച്ചിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അറിയിച്ചു.

18 (*152) ഭവന നിർമ്മാണ ബോർഡ് വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പാക്കിയിരുന്ന മൈത്രീ ഭവന പദ്ധതിപ്രകാരം വായ്പയെടുത്തവരുടെ കുടിശ്ശിക എഴുതിത്തള്ളുന്നതാണെന്നും അടുത്ത രണ്ട് മാസത്തിനകം പ്രമാണങ്ങൾ തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 38384 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും ഇതിന്റെ ഫലമായി ഗവൺമെന്റിന് 137.94 കോടി രൂപയുടെ ബാദ്ധ്യതയാണുണ്ടാകുന്നതെന്നും സഭയെ അറിയിച്ചു. മൈത്രീ ഭവന പദ്ധതിയിലെ കുടിശ്ശിക എഴുതിത്തള്ളുമെന്ന് മുൻസർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും അതിനുള്ള നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. സാഫല്യ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനുകൂടി ധനസഹായം നൽകുന്നകാര്യം പരിഗണിക്കുന്നതാണെന്നും ഭവനനിർമ്മാണ ബോർഡിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം നിർമ്മിച്ച ഉപയോഗശൂന്യമായി കിടക്കുന്ന വീടുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും നിലവിൽ ബോർഡിന്റെ സാമ്പത്തികനില മോശമാണെന്നും ഏതാണ്ട് 700 കോടിയോളം രൂപ ഹഡ്കോയ്ക്ക് നൽകാനുണ്ടെന്നും കേന്ദ്രഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഭവന നിർമ്മാണ ബോർഡ് റിവൈവ് ചെയ്യുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 (*153) <u>സംസ്ഥാനത്തിനുള്ള കേന്ദ്ര ഭക്ഷ്യധാന്യ വിഹിതം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) നൽകിയ മറുപടിയിൽ, 2011 മേയ് മാസം മുതൽ എ.പി.എൽ. വിഭാഗത്തിന് പ്രതിമാസം 36056 മെ.ടൺ, അരിയും 11777 മെ. ടൺ ഗോതമ്പും 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള മാസങ്ങളിലേയ്ക്ക് അധിക അഡ്ഹോക്ക് അലോട്ട്മെന്റായി പ്രതിമാസം 15458 മെട്രിക് ടൺ അരിയും 5049 മെട്രിക് ടൺ ഗോതമ്പും ബി.പി.എൽ. വിഭാഗത്തിന് പ്രതിമാസം 26566 മെട്രിക് ടൺ അരിയും 6963 മെട്രിക് ടൺ ഗോതമ്പും 2011 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിലേക്ക് അധിക അഡ്ഹോക്ക് വിഹിതമായി 47210 മെട്രിക് ടൺ അരിയും 12374 മെട്രിക് ടൺ ഗോതമ്പും 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലേക്ക് 94420 മെട്രിക് ടൺ അരിയും 24748 മെട്രിക് ടൺ ഗോതമ്പും അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2011 ജനുവരി മുതൽ സെപ്തംബർ വരെയുള്ള കാലയളവിലേക്ക് 69158 മെട്രിക് ടൺ അരിയും 29735 മെട്രിക് ടൺ ഗോതമ്പും എ.പി.എൽ. വിഭാഗത്തിന് ഉയർന്ന നിരക്കിൽ അധിക വിഹിതമായി അനുവദിച്ചതിൽ നാളിതുവരെ 66643 മെട്രിക് ടൺ അരിയും 29422 മെട്രിക് ടൺ ഗോതമ്പും ഓണക്കാലത്തേക്ക് അധിക വിഹിതമായി ഉയർന്ന നിരക്കിൽ 54000 മെട്രിക് ടൺ അരിയും 27000

മെട്രിക് ടൺ ഗോതമ്പും അനുവദിച്ചതിൽ 4538 മെട്രിക് ടൺ അരിയും 3540 മെട്രിക് ടൺ ഗോതമ്പും വിട്ടെടുത്തിട്ടുണ്ട്. വയനാട്, പാലക്കാട് എന്നീ പിന്നോക്ക ജില്ലകൾക്കായി 2011 സെപ്തംബർ മുതൽ നവംബർ വരെ പ്രതിമാസം 393 മെട്രിക് ടൺ അരിയും 62 മെട്രിക് ടൺ ഗോതമ്പും ബി.പി. എൽ. നിരക്കിൽ അനുവദിച്ചിട്ടുണ്ട്. ഒരു കാർഡുടമയ്ക്ക് പ്രതിമാസം അർഹതപ്പെട്ടത് 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങളാണ്. എ.എ.വൈ. വിഭാഗ ത്തിന് 35 കിലോഗ്രാം അരി മാത്രമാണ് വിതരണം ചെയ്തുവരുന്നത്. പ്രതി മാസം ആകെ **219319** മെട്രിക് ടൺ അരിയും **49504** മെട്രിക് ടൺ ഗോതമ്പുമാണ് സംസ്ഥാനത്ത് ആവശ്യമുള്ളത്. കേന്ദ്രപൂൾ ഭക്ഷ്യധാന്യ ങ്ങൾ സംഭരിക്കുന്നത് എഫ്.സി.ഐ.-യും സംസ്ഥാനത്തുനിന്നുള്ള നെല്ല് സംഭരിക്കുന്നത് സപ്ലൈകോ-യുമാണ്. കിലോഗ്രാമിന് 14 രൂപ നിരക്കിൽ കർഷകരിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കി കേന്ദ്ര അലോട്ട്മെന്റിന്റെ ഭാഗമായി എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്ക് അതാത് നിരക്കിൽ റേഷൻകടകൾ വഴി വിതരണം ചെയ്തുവരുന്നുണ്ട്. 14.6 ലക്ഷം ബി.പി.എൽ. കാർഡുടമകൾക്കും എ.എ.വൈ. പ്രകാരം 5.96 ലക്ഷം പേർക്കും 25 കിലോ അരിവീതം ഒരു രൂപ നിരക്കിലും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 45.39 ലക്ഷംപേർക്ക് രണ്ട് രൂപ നിരക്കിലും അരി വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്രവിഹിതത്തിൽനിന്നുള്ള അരിയാണ് സ്കൂൾ കുട്ടികൾക്ക് സൗജന്യമായി നൽകുന്നതെന്നും ഓണ ക്കാലത്ത് ഏതെങ്കിലും സ്കൂളുകളിൽ അരി വിതരണം ചെയ്യാതെയു

ണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും മൽസ്യ ത്തൊഴിലാളികളടക്കമുള്ള പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ കൺസഷൻ റേറ്റിൽ അരി നൽകുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടു ണ്ടെന്നും മന്ത്രി വ്യക്തമാക്കി. എഫ്.സി.ഐ. ഡിപ്പോകളിൽ എഫ്.സി.ഐ.- യുടെയും മില്ലുകളിൽ സപ്ലൈകോയുടെയും ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്തിവരുന്നുണ്ടെന്നും വിതരണ യോഗ്യമായ ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിട്ടെടുക്കാവൂ എന്ന കർശന നിർദ്ദേശം എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നൽകിയിട്ടുണ്ടെന്നും ഗുണനിലവാര പരിശോധന സംബന്ധിച്ച് എവിടെയെങ്കിലും വീഴ്ചയുണ്ടായ തായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഗുണനിലവാരമില്ലാത്ത അരി വിതരണം ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ചി ട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**20 (*154) <u>ഭവനനിർമ്മാണ ബോർഡിന്റെ പുതിയ പദ്ധതികൾ</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സാഫല്യം ഭവന പദ്ധതി, കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി, തിരുവനന്തപുരം ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ എന്നിവയാണ് 2011-12 സാമ്പത്തിക വർഷത്തിൽ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെന്ന് സഭയെ അറിയിച്ചു. 23-09-2011 വരെയുള്ള കണക്ക് പ്രകാരം ഭവനനിർമ്മാണ ബോർഡ് നടപ്പാക്കിവരുന്ന എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയിലൂടെ 11141 വീടുകൾക്ക് 4,05,676,637/-

രൂപയും സുരക്ഷാ ഭവന പദ്ധതിയിലൂടെ 3006 വീടുകൾക്ക് 4,83,18,000/- രൂപയും സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. പൂജപ്പുരയിൽ 2010 ഡിസംബറിൽ രണ്ടാംഘട്ടമായി ആരംഭിച്ച് 2012 ജനുവരിയിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതും കുട്ടനെല്ലൂരിൽ 2011 മാർച്ചിൽ ഒന്നാംഘട്ടമായി ആരംഭിച്ച് 2012 മാർച്ചിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതിയിൽ 24 ഫ്ളാറ്റുകൾ വീതമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ പുല്ലഴിയിൽ ആരംഭിച്ച വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം 2012-ലും കവടിയാർ പണ്ഡിറ്റ്സ് കോളനിയിൽ 2011 മേയിൽ ആരംഭിച്ച, രണ്ട് ബ്ളോക്കുകളിലായി 36 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന കവടിയാർ ഹൈറ്റ്സ് പദ്ധതി (പാരസ്പര്യ പദ്ധതി) 2013-ലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തൃശ്ശൂരിലെ കുട്ടനെല്ലൂരും കോഴിക്കോട് മെഡിക്കൽകോളേജിനു സമീപവുമുള്ള ഇന്നവേറ്റീവ് ഭവനനിർമ്മാണ പദ്ധതികൾ, തൃശ്ശൂർ മുളങ്കുന്നത്തുകാവ് പ്രവാസി ഭവന പദ്ധതി, തിരുവനന്തപുരം അമ്പലനഗറിലെ ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ എന്നിവയാണ് ഭവനനിർമ്മാണ ബോർഡിന്റെ സ്ഥലത്ത് നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ. നിലവിലുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ട് സുനാമി ഭവന നിർമ്മാണ പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതലുള്ള വാസയോഗ്യമായ സ്ഥലങ്ങളിൽ പോലീസുകാർക്കുവേണ്ടി ക്വാർട്ടേഴ്സുകൾ

നിർമ്മിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഭവനനിർമ്മാണ ബോർഡിനെ റിവൈവ് ചെയ്ത് പുതിയ പദ്ധതികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21 (*155) <u>പി.എസ്.സി. പരീക്ഷകളിൽ ക്രമക്കേടുകൾ തടയുന്നതിന് നടപടി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ ആധുനിക സാങ്കേതികവിദ്യ ദുരുപയോഗം ചെയ്ത് ക്രമക്കേടുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത് തടയുന്നതിനായി 31-12-2010-നുശേഷം ഫോട്ടോ അപ്‌ലോഡ് ചെയ്ത അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുകയും ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന ID സർട്ടിഫിക്കറ്റിലെ ഫോട്ടോ സംബന്ധിച്ച വ്യവസ്ഥകൾ പരിഷ്ക്കരിക്കുകയും പരീക്ഷ നടക്കുന്ന കാമ്പസിൽ Electronic gadgets നിരോധിക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പരീക്ഷാ കേന്ദ്രങ്ങളിൽ പി.എസ്.സി.യിലെ ഉദ്യോഗസ്ഥരെ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി നിയമിച്ച് പരീക്ഷാ നടത്തിപ്പിൽ നേരിട്ടുള്ള മേൽനോട്ടം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോട്ടോ പതിച്ച് ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ, കായികക്ഷമത പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് പ്രവേശിപ്പിക്കുകയുള്ളൂ. 01-03-2011 മുതൽ നിയമന ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ IC യുടെ സ്കാൻ ചെയ്ത കോപ്പിയായിരിക്കും നിയമനാധികാരിക്ക് നൽകുന്നത്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് റഗുലറൈസേഷന് മുമ്പ് പി.എസ്.സി.യുടെ വെരിഫിക്കേഷൻ നടത്തണമെന്ന് ഉത്തരവിടുകയും

വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം ഒറിജിനൽ IC നിയമനാധികാരിക്ക് നൽകുന്നതുമാണ്. പോലീസ് വകുപ്പിലെ SI (trainee), LDC-Beverages Corporation, LGS-Beverages Corporation, LGS-Various (Pathanamthitta), UPSA എന്നീ തസ്തികകളുടെ എഴുത്തുപരീക്ഷകളിലാണ് മൊബൈൽ ഫോൺ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. എസ്.ഐ തസ്തികയുടെ എഴുത്തുപരീക്ഷയ്ക്ക് മൊബൈൽ ഫോൺ ഉപയോഗിച്ചതുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസർ അന്വേഷണം നടത്തിവരുന്നുണ്ടെന്നും കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത 10 കേസ്സുകൾ നിലവിലുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. അപേക്ഷ ക്ഷണിക്കുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെതിരെ നടപടിയെടുക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജുമെന്റ് പോസ്റ്റുകൾ ഒഴികെയുള്ള തസ്തികകൾ പി.എസ്.സി.ക്ക് വിടണമെന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും അത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

**22 (* 156) <u>അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ</u>**

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും സംസ്ഥാന സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകി സഹായിക്കാൻ ഒരു

“ഐ.എസ്.ഡബ്ല്യു. അഡ്വൈസറി കമ്മിറ്റി”- യും സുപ്രീം കോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ കേസ്, പമ്പ - അച്ചൻകോവിൽ വൈപ്പാർ ലിങ്ക് കേസ് എന്നിവ കാര്യക്ഷമമായി നടത്തിക്കുന്നതിന് മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലും രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സുപ്രീംകോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ കേസ് നടത്തിപ്പിനായും പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് കേസ് നടത്തിപ്പിനായും സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകരായ സർവ്വശ്രീ ഹരീഷ് സാൽവേ, മോഹൻ ഖട്ടാർക്കി, രാജീവ് ധവാൻ, വി. ഗിരി എന്നിവരേയും സ്റ്റാൻഡിംഗ് കൗൺസിൽ ആയി ശ്രീ. രമേഷ് ബാബുവിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കാവേരി നദീജല തർക്കട്രൈബ്യൂണലിന്റെ വിധിക്കെതിരായി സുപ്രീം കോടതിയിൽ കേരളം സമർപ്പിച്ചിട്ടുള്ള കേസ് കൈകാര്യം ചെയ്യുന്നതിനായി സുപ്രീം കോടതിയിലെ സീനിയർ അഡ്വക്കേറ്റുമാരായ ശ്രീ. ദിനേശ് ദ്വിവേദിയെയും ശ്രീ. ധ്യാൻ കൃഷ്ണനേയും സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. രമേശ് ബാബുവിനേയും നിയമിച്ചിട്ടുണ്ട്. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളെ ഏകോപിപ്പിക്കുവാൻവേണ്ടി വിവിധ കേന്ദ്ര സർക്കാർ കാര്യാലയങ്ങളുമായും ഏജൻസികളുമായും നിരന്തരം ബന്ധപ്പെടുന്നതിനായി ന്യൂഡൽഹിയിൽ ഒരു കാവേരി സെൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത കാര്യാലയത്തിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയറും ഒരു അസിസ്റ്റന്റ് എൻജിനീയറും സേവനമനുഷ്ഠിക്കുന്നുണ്ടെന്നും ഇതിന്റെ പ്രവർത്തനങ്ങൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ ശമ്പളമിനത്തിൽ 12,06,416 രൂപയും ഓഫീസ് പ്രവർത്തനങ്ങൾക്കായി 4,35,281 രൂപയും ഉൾപ്പെടെ 16,41,697 രൂപ ചെലവായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1451 മുതൽ 1623 വരെയുള്ള ചോദ്യങ്ങളിൽ 201 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)